## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1341 — 06/03/2018-ൽ മറുപടിയ്ക്ക്

## ഒറ്റ വീട് സംവിധാനം

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>,, എൻ. ഷംസുദ്ദീൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിലൂടെ നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതു സംബന്ധിച്ച് നിലനിൽക്കുന്ന നിയമസാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | തദ്ദേശസ്വയംഭരണ വകുപ്പിലൂടെ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം നിലവിൽ ഇരട്ട വീടുകൾ നിർമ്മിക്കുന്നില്ല. എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള ഇരട്ട വീടുകൾ പലതും കാലപ്പഴക്കം കൊണ്ട് വാസയോഗ്യമല്ലാതായ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും, കേരള സംസ്ഥാന ഹൗസിംങ് ബോർഡുമായി ചേർന്നും ഇരട്ടവീടുകൾ ഒറ്റ വീടുകളായി നവീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിരുന്നു. |
| (ബി) | ഇതു പരിഹരിക്കുന്നതു് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | ലൈഫ് പദ്ധതിയിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഉണ്ടോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഒറ്റ വീട് സംവിധാനം നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; | (സി) | ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിനുള്ള നിർദ്ദേശം ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പഞ്ചായത്തുകളിൽ ഇതുമായി ബന്ധപ്പെട്ട അപേക്ഷകൾ ഗുണഭോക്താക്കളിൽ നിന്നും സ്വീകരിച്ച് തുടർനടപടി നടത്താൻ നിർദ്ദേശം നൽകുമോ? | (ഡി) | ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ലൈഫ് മിഷൻ മുഖേന ശേഖരിച്ച് വരികയാണ്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**